

# വെൺപ്രാവ്

മാനത്ത് തത്തിപ്പറക്കും വെൺപ്രാവേ, നീ
മാരിവിൽകാന്തി കവർന്നെടുത്തോ?
പഞ്ചമിപ്പീലി പെറുക്കിയെടുത്തോ, നീ
പത്രങ്ങൾ ചന്തത്തിൽ ചേർത്തുവെക്കാൻ?

പാടത്തിരുന്നു കുറുകിവിളിച്ചപ്പോൾ
പാടാതെ പാടുകയാണ് ചിത്തം!
പുന്നെല്ലുകൊറിച്ചു നീ നിൽക്കുമ്പോഴും
പൂക്കുന്നു മാനസം പുഞ്ചയായി

എന്തു പരിശുദ്ധി, എന്തൊരു സൗമ്യത
എന്തിനോടേതിനോടുപമിയ്ക്കേണ്ടൂ?
സ്വപ്നമേ, നിന്നുടെ പാവനജ്ജീവിതം
തന്നൊരാ പുണ്യത്തെ കൈ തൊഴുന്നേൻ

• വത്സലൻ കല്ലായി





# ജിറാഫിനോട്

കഴുത്തുനീളം കൂടിയൊരഴകാ
പുഴതീരത്തു നിൽപ്പോ നീ!
നിന്നുടെ വായിൽ പുല്ലൊരു കഷ്ണം
എന്നുടെ കൈയാൽ വച്ചോട്ടേ?
കുനിഞ്ഞു നീയെന്നരികിൽ വരൂ
നിനക്കു നൽകാം ഞാനൊരു മുത്തം!

• മടവൂർ രാധാകൃഷ്ണൻ



# കുഞ്ഞിപ്പൂവ്

പള്ളിക്കൂടം കാണാനായ്
കുഞ്ഞിപ്പൂവിന് കൊതിതോന്നി
അമ്മുക്കുട്ടി കൂട്ടീല
ഉണ്ണിക്കുട്ടൻ മറന്നുപോയ്
പള്ളിക്കൂടം വിട്ടപ്പോൾ
ഉണ്ണിക്കുട്ടൻ വന്നപ്പോൾ
കുഞ്ഞിപ്പൂവോ വാടിപ്പോയ്
ഉണ്ണിക്കുട്ടൻ തേങ്ങിപ്പോയ്

● സത്യചന്ദ്രൻ
പൊയിൽക്കാവ്

